23-12-14

കേരള സർക്കാർ

സംഗ്രഹം

കൃഷി(മൃഗസംരക്ഷണ)വകുപ്പ് - ജീവനക്കാര്യം - മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം-നിലവിലുള്ള സ്പെഷ്യൽ റൂളിലെ റൂൾ 3 ലെ കാറ്റഗറി VI (2) ലെ നോട്ട് (2) ഒഴിവാക്കി നിയമന രീതിയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**കൃഷി(മൃഗസംരക്ഷണ ഇ)വകുപ്പ്**

സ.ഉ. (എം.എസ്) നം.308/2014/എഡി　　　　തീയതി, തിരുവനന്തപുരം, 22.12.2014.

---

പരാമർശം:- 1. സ.ഉ (പി) നം.104/93/കൃഷി ,തീ.04/05/1993.
2. സ.ഉ (പി) നം.109/04/കൃഷി , തീ.14/07/04.
3. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 25.01.14, 31.05.14 എന്നീ തീയതികളിലെ കെ 4-24239/13 /ജി.കാ നമ്പർ കത്തുകൾ .
4. മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ റാങ്ക് ഹോൾഡേഴ്സ് അസ്സോസിയേഷൻ സംസ്ഥാന കമ്മിറ്റി ബഹു .മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ച 12.06.14 ലെനിവേദനം .
5. കേരള പബ്ളിക് സർവീസ് കമ്മീഷന്റെ 04.10.2013,11.03.14, 26.11.14 എന്നീ തീയതികളിലെ A VIII(1)30366/08/GW നമ്പർ കത്തുകൾ.

## ഉത്തരവ്

മൃഗസംരക്ഷണ വകുപ്പിൽ പി.എസ്.സി. വഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരായി നിയമിക്കുമ്പോൾ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം ക്യാറ്റിൽ ഇംപ്രൂവ്മെൻറ് അസിസ്റ്റൻറുമാർ ഇല്ലാത്തതിനാൽ ടി ക്വാട്ടയിലുള്ള ഒഴിവുകൾ ഓപ്പൺ ക്വാട്ടയിൽ നിന്നുമാണ് നാളിതുവരെ നിയമനം നടത്തിവന്നിരുന്നതെന്നും എന്നാൽ ഇപ്പോൾ പ്രസ്തുത ക്വാട്ടയിലെ ഒഴിവുകളിലേക്ക് ഓപ്പൺ ക്വാട്ടയിൽ നിന്നും നിയമനം നൽകുന്നത് പി.എസ്.സി. തടഞ്ഞിരിക്കുകയാണെന്നും ഇതു സംബന്ധിച്ച സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കാലതാമസം ഉണ്ടാകുമെന്നതിനാൽ ക്യാറ്റിൽ ഇംപ്രൂവ്മെൻറ് അസിസ്റ്റൻറുമാർ ഇല്ലാത്ത സാഹചര്യത്തിൽ ടി ക്വാട്ടയിലുള്ള ഒഴിവുകളിലേക്ക് ഓപ്പൺ ക്വാട്ടയിൽ നിന്നും നിയമനം നൽകുന്നതിലേയ്ക്കായി ഒരു എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടേഴ്സ് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ പ്രസിഡന്റ് പരാമർശം (4) പ്രകാരം സർക്കാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു. മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ നിയമനത്തിനായി ഇപ്പോൾ നിലവിലുള്ള റാങ്ക് ലിസ്ററിന്റെ കാലാവധി 3 മാസത്തിനുള്ളിൽ കഴിയുമെന്നും ടി റാങ്ക് ലിസ്റ്റിൽപ്പെട്ട നിയമനം കാത്തു കഴിയുന്ന പലരും പി.എസ്.സി പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി കഴിയാറായവരാണെന്നും ആകയാൽ റാങ്ക് ലിസ്ററിലുള്ളവർക്ക് നിയമനം ലഭ്യമാക്കുമാറ് അടിയന്തിരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണമെന്നും ഇവർ അപേക്ഷിച്ചിരുന്നു.

.....2

2. പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മൃഗസംരക്ഷണ വകുപ്പിന്റെ സ്പെഷ്യൽ റൂളിൽ കാറ്റഗറി VI (2) വിഭാഗത്തിലുള്ള ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്/പൗൾട്രി അസിസ്റ്റന്റ്/മിൽക്ക് റെക്കോർഡർ/സ്റ്റോർ കീപ്പർ/എന്യൂമറേറ്റർ തസ്തികകളിൽ 15% ഒഴിവുകൾ 'ബൈട്രാൻസ്ഫർ' മുഖേനയും ബാക്കിയുള്ള 85% ഒഴിവുകൾ നേരിട്ടുള്ള നിയമനം മുഖേനയും നികത്തേണ്ടതാണ്. നേരിട്ടുള്ള നിയമനത്തിനായി നീക്കിവച്ചിട്ടുള്ള 85% ഒഴിവുകളിൽ 10% ഒഴിവുകൾ ജവാന്മാരുടെ ആശ്രിതർക്കും ബാക്കിയുള്ള 75% ഒഴിവുകൾ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർക്കുമായി നീക്കിവച്ചിട്ടുള്ളതാണ്. മൃഗസംരക്ഷണ വകുപ്പിലെ എല്ലാ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർക്കും ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ആയി നിയമനം ലഭിക്കുന്നതുവരെ ഈ നില തുടരുന്നതാണെന്നും ഉത്തരവായിരുന്നു.

3. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ നിയമനത്തിനായുള്ള അടിസ്ഥാന യോഗ്യത വി.എച്ച്.എസ്.ഇ in Livestock Management ആണെന്നും, മൃഗസംരക്ഷണ വകുപ്പിൽ യോഗ്യരായ ക്യാറ്റിൽ ഇംപ്രൂവ്മെൻറ് അസിസ്റ്റൻറുമാർ ഇല്ലാത്ത സാഹചര്യത്തിൽ ടി ക്വാട്ടയിലെ ഒഴിവുകൾ കൂടി ഓപ്പൺ ക്വാട്ടയിൽ നിന്നും നിയമനം നൽകുന്നതിന് പി.എസ്.സി-യെ അറിയിക്കാൻ അനുമതി നൽകണമെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

4. കേരള മൃഗസംരക്ഷണ വകുപ്പ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയുടെ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റ്മാരിൽ നിന്നും തെരെഞ്ഞെടുക്കപ്പെടുന്ന ക്വാട്ട, ജവാൻ ക്വാട്ട, ഡിപ്പാർട്ട്മെന്റൽ ക്വാട്ട, എന്നിവയിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ ടി വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടിയുള്ള റാങ്ക് ലിസ്ററിൽ ഉദ്യോഗാർത്ഥികളെ ലഭ്യമാകാതെ വരുന്ന സാഹചര്യത്തിൽ നേരിട്ടുള്ള നിയമനം വഴിയുള്ള ലിസ്ററിൽ നിന്നും നികത്താൻ കഴിയാതെ വരുന്ന സാഹചര്യം ഉണ്ടാകാതിരിക്കുന്നതിനായി ടി വകുപ്പിലെ സ്പെഷ്യൽ റൂളിൽ ഉചിതമായ പരിഷ്കാരങ്ങൾ വരുത്തുവാനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (5) ലെ 04.10.13, 11.03.14 എന്നീ കത്തുകൾ പ്രകാരം കേരളാ പബ്ളിക്ക് സർവീസ് കമ്മീഷൻ ആവശ്യപ്പെട്ടിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് ഭരണപരമായ കാലതാമസമുണ്ടാകുമെന്നതിനാൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ നിയമനത്തിന് ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റ്മാർ ഇല്ലാത്ത സാഹചര്യത്തിൽ ടി ക്വാട്ടയിലെ ഒഴിവുകൾക്ക് ഓപ്പൺ ക്വാട്ടയിലെ ഉദ്യോഗാർത്ഥികളെ പരിഗണിക്കും വിധം നിലവിലുള്ള സ്പെഷ്യൽ റൂളിലെ റൂൾ 3 ലെ കാറ്റഗറി VI (2) ലെ നോട്ട് (2) ഒഴിവാക്കിക്കൊണ്ട് ഒരു എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുന്നതിന് സർക്കാർ താത്കാലികമായി തീരുമാനിച്ച് കേരളാ പബ്ളിക്ക് സർവീസ് കമ്മീഷന്റെ അഭിപ്രായം തേടുകയുണ്ടായി. സർക്കാർ നിർദ്ദേശത്തോട് യോജിക്കുന്നതായി കേരളാ പബ്ളിക്ക് സർവീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ മൃഗ സംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനായി, ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റ്മാർക്ക് നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ഓപ്പൺ ക്വാട്ടയിലെ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതിന് 1993-ലെ കേരള അനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ റൂൾ 3 ലെ കാറ്റഗറി VI (2) ലെ നോട്ട് (2) ഒഴിവാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനനുസൃതമായി മൃഗസംരക്ഷണ വകുപ്പിന്റെ സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതി പ്രത്യേകമായി വരുത്തുന്നതാണ്.

7. പരാമർശം (1) , (2) സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള മറ്റു വ്യവസ്ഥകൾ അപ്രകാരം തന്നെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി.എസ്. പ്രസാദ്,**
ജോയിന്റ് സെക്രട്ടറി.

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീ.മാത്യു സാം , ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടേഴ്സ് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ പ്രസിഡന്റ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ആഡിറ്റ്, കേരള, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണപരിഷ്കാരവകുപ്പ് (അനൗ.നം.13633/എ 1/14/ഉഭപവ., തീയതി 07.07.14 പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, ബ്രാഞ്ച് ഓഫീസ്, കൊച്ചി
വിവര പൊതുജന സമ്പർക്കവകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

(signature)

സെക്ഷൻ ഓഫീസർ.